# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 142** **26.09.2016-ൽ മറുപടിയ്ക്ക്**

**<u>രാഷ്ട്രീയകൊലപാതകങ്ങൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ എത്ര കൊലപാതകങ്ങൾ നടന്നു; രാഷ്ട്രീയകൊലപാതകങ്ങൾ എത്ര; മറ്റുള്ളവ എത്ര; വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ 79 കൊലപാതകങ്ങൾ നടന്നു; ഇതിൽ രാഷ്ട്രീയകൊലപാതകങ്ങൾ 6 എണ്ണവും മറ്റുള്ളവ 73 എണ്ണവുമാണ്. |
| (ബി) രാഷ്ട്രീയകൊലപാതകങ്ങളിൽ ഏതൊക്കെ പാർട്ടികളാണ് പ്രതികളായിട്ടുള്ളത്; എത്ര പ്രതികൾ; വിശദമാക്കാമോ; | (ബി) രാഷ്ട്രീയകൊലപാതകങ്ങളിൽ സി.പി.ഐ (എം), ബി.ജെ.പി, എസ്.ഡി.പി.ഐ എന്നീ പാർട്ടികളിൽ ഉൾപ്പെട്ടവർ പ്രതികളായിട്ടുണ്ട്. എല്ലാ കേസുകളിലുമായി ആകെ 92 പ്രതികൾ. ഇവരിൽ 72 പേർ സി.പി.ഐ (എം), 13 പേർ ബി.ജെ.പി, 7 പേർ എസ്.ഡി.പി.ഐ എന്നീ പാർട്ടികളിൽ ഉൾപ്പെട്ടവരാണ്. |
| (സി) എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട് ; പ്രതികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) 39 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. ( സി.പി.ഐ (എം) - 26, ബി.ജെ.പി- 9, എസ്.ഡി.പി.ഐ – 4). അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി. ഇവരിൽ മൂന്ന് കേസുകളിലായി 4 പ്രതികളെ കോടതിയിൽ നിന്നും ജാമ്യത്തിൽ വിട്ടയിച്ചിട്ടുണ്ട്. ബാക്കി 35 പ്രതികളെ റിമാന്റ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**